"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - കേരള ഫീഡ്‌സിന് പാട്ടത്തിന് അനുവദിച്ച ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ മണക്കാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 10 ൽ റീസർവെ 12 ൽ പ്പെട്ട 10 ഏക്കർ ഭൂമിയുടെ പാട്ട നിരക്ക് പുതുക്കി നിശ്ചയിച്ച് പുറപ്പെടുവിച്ച 04.01.2020 ലെ സ. ഉ (കൈ) 12/2020/റവ നമ്പർ ഉത്തരവിന് മുൻകാല പ്രാബല്യം അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ(എ) വകുപ്പ്**

സ.ഉ.(കൈ) നം.75/2025/RD തീയതി,തിരുവനന്തപുരം, 17-03-2025

---

പരാമർശം:-
1. സ.ഉ(കൈ) നം.488/2013/റവ, തീയതി 01.11.2013.
2. സ.ഉ(കൈ) നം.12/2020/റവ, തീയതി 04.01.2020.
3. ലാന്റ് റവന്യൂ കമ്മീഷണറുടെ 25.06.2024 ലെ LR/12555/2022-LR(J1) നം കത്ത്.

**<u>ഉത്തരവ്</u>**

ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ മണക്കാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 10 ൽ റീസർവെ 12 ൽപ്പെട്ട 04.0500 ഹെക്ടർ (10 ഏക്കർ) ഭൂമി, ഏക്കർ ഒന്നിന് 100/- രൂപ നിരക്കിലും, അതിനു ശേഷം പാട്ടനിരക്ക് പ്രസ്തുത ഭൂമിയുടെ കമ്പോള വിലയുടെ 10% ആയിരിക്കുമെന്ന വ്യവസ്ഥയിലും 5 വർഷത്തേയ്ക്ക് കേരള ഫീഡ്‌സ് ലിമിറ്റഡ് എന്ന കമ്പനിയ്ക്ക് പരാമർശം (1) ഉത്തരവ് പ്രകാരം പാട്ടത്തിന് അനുവദിച്ചിരുന്നു. 31.10.2018 ൽ പാട്ടക്കാലാവധി അവസാനിച്ച സാഹചര്യത്തിൽ ടി ഭൂമിയുടെ പാട്ട വാടക പ്രതി വർഷം ആറൊന്നിന് 100/-രൂപ എന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ച് കൊണ്ടും ഉത്തരവിന്റെ തീയതി മുതൽ 30 വർഷത്തേയ്ക്ക് പാട്ടക്കാലാവധി ദീർഘിപ്പിച്ച് കൊണ്ടും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പാട്ടക്കാലാവധി അവസാനിച്ച 01.11.2018 മുതൽ 03.01.2020 വരെയുള്ള കാലത്തെ പാട്ടം സംബന്ധിച്ച് പരാമർശം (2) ഉത്തരവിൽ സൂചിപ്പിച്ചിരുന്നില്ല. ഇക്കാര്യം പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് പരാമർശത്തിൽ ഉൾപ്പെടുത്തുകയും ടി തുക ഈടാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. തുടർന്ന് ടി പാട്ടക്കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച് നിർദ്ദേശത്തിനായി ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (3) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ സാഹചര്യത്തിൽ കേരള ഫീഡ്‌സ് എന്ന സ്ഥാപനത്തിന്, ഇടുക്കി ജില്ലയിലെ തൊടുപുഴ താലൂക്കിൽ മണക്കാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 10 ൽ റീസർവെ 12 ൽ പ്പെട്ട 04.0500 ഹെക്ടർ (10 ഏക്കർ) ഭൂമിയുടെ പാട്ട വാടക പ്രതി വർഷം ആറൊന്നിന് 100/-രൂപ എന്ന നിരക്കിൽ പുതുക്കി നിശ്ചയിച്ച് കൊണ്ടുള്ള പരാമർശം (2) ഉത്തരവിന് 01.11.2018 മുതൽ മുൻകാല പ്രാബല്യം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. മേൽ ഭേദഗതിയോടെ സൂചന(2) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

1. ലാന്റ് റവന്യൂ കമ്മീഷണർ,തിരുവനന്തപുരം
2.അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
3.ജില്ലാ കളക്ടർ, ഇടുക്കി
4.മാനേജിംഗ് ഡയറക്ടർ, കേരള ഫീഡ്സ് ലിമിറ്റഡ്,കല്ലേറ്റുംകര,തൃശ്ശൂർ-680683
5.ധനകാര്യ വകുപ്പ് (എക്സ്-എ2/123/2019/ഫിൻ, തീയതി 15.05.2019)
6.മൃഗസംരക്ഷണ(എഫ്) വകുപ്പ് (എഫ്2/121/2018/എ.എച്ച്)
7.ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്(വെബ് & ന്യൂ മീഡിയ) വകുപ്പ്
8.കരുതൽ ഫയൽ (എ2/236/2024/റവ)

ഉത്തരവിൻ പ്രകാരം
Signed by
Suresh Kumar K
Date: 17-03-2025 14:49:03
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു.മുഖ്യമന്ത്രിയുടെ പി.എസ്
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്
സ.ഉ(കൈ) നം.12/2020/റവ, തീയതി 04.01.2020 നം തീർപ്പ ഫയലിലേയ്ക്കായി